"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് -ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - അനധികൃതാവധി - പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്

സ.ഉ.(അച്ചടി) നം.55/2020/ആ.കു.വ തീയതി,തിരുവനന്തപുരം, 16/09/2020

പരാമർശം:- 1. 29.12.2018 തീയതിയിലെ എ3/570/2018/ആ.കുവ നമ്പർ സർക്കുലർ
2. 22.11.2019 തീയതിയിലെ 570/എ3/2018/ആ.കുവ നമ്പർ സർക്കുലർ
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 17/12/2019 തീയതിയിലെ ഇസി 8-17446/2019/ആവഡ നമ്പർ കത്ത്

ഉത്തരവ്

തുടർച്ചയായുള്ള പ്രകൃതിക്ഷോഭങ്ങളും പകർച്ചവ്യാധികളും സംസ്ഥാനത്തെ ആരോഗ്യ-ആതുര ശുശ്രൂഷാരംഗത്ത് സൃഷ്ടിക്കുന്ന വെല്ലുവിളികൾ ചെറുതല്ല. നിപാ പോലുള്ള പകർച്ചവ്യാധികളും ലോകത്തെയാകമാനം ഗ്രസിച്ച കോവിഡ്- 19 പോലുള്ള മാരകവ്യാധികളും നേരിടുന്നതിൽ സംസ്ഥാനം നേടിയ പുരോഗതി ആഗോളശ്രദ്ധയാകർഷിച്ചിട്ടുണ്ട്. ഈ നേട്ടം നിലനിർത്തണമെങ്കിൽ കേരളത്തിലെ ആരോഗ്യരംഗത്ത് വർദ്ധിച്ച തോതിലുള്ള ശ്രദ്ധയും ഇടപെടലും ആവശ്യമായിരിക്കുന്നു. എന്നാൽ, സംസ്ഥാനത്തെ ആരോഗ്യവകുപ്പിൻ കീഴിൽ നിയമിതരായിട്ടുള്ള മെഡിക്കൽ ഓഫീസർമാർ അടക്കമുള്ള ഉദ്യോഗസ്ഥരിൽ ഗണ്യമായ ഒരു വിഭാഗത്തിന്റെ അനധികൃത ഹാജരില്ലായ്മ കൂടുതൽ മികച്ചരീതിയിലുള്ള ആരോഗ്യ-ആതുര ശുശ്രൂഷാ ഇടപെടലുകൾക്ക് വിഘാതം സൃഷ്ടിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

2. അനധികൃതമായി സർവീസിൽ നിന്നും വിട്ടു നിൽക്കുന്ന സർക്കാർ ജീവനക്കാർക്ക് തിരികെ സർവീസിൽ പ്രവേശിക്കുന്നതിന് അവസരം നൽകിക്കൊണ്ട് പരാമർശം (1), ( 2 ) സർക്കുലറുകൾ പ്രകാരം ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. മേൽപ്രകാരം വിട്ടുനിന്നിരുന്നവരിൽ ഒരു വിഭാഗം തിരികെ സർവീസിൽ പ്രവേശിക്കുവാൻ നിശ്ചിത തീയതിക്കകം സന്നദ്ധത അറിയിച്ചിട്ടുണ്ട്. ശേഷിക്കുന്ന വിഭാഗത്തിനെതിരെയുള്ള അച്ചടക്കനടപടികൾ അന്തിമഘട്ടത്തിലാണ്. എന്നാൽ, മേൽപ്രകാരം സന്നദ്ധത അറിയിച്ച ബോണ്ടുവ്യവസ്ഥകൾ പാലിച്ച് സർവീസിൽ തിരികെ പ്രവേശിക്കുന്നവരിൽ ഒരു വിഭാഗം പിരിച്ചുവിടൽ നടപടികളിൽ നിന്ന് താൽക്കാലികമായി രക്ഷപ്പെട്ടതിനു ശേഷം വീണ്ടും അനധികൃതാവധിയിൽ പ്രവേശിക്കുകയും സേവനവിരാമത്തിനു തൊട്ടുമുമ്പ് വീണ്ടും സർവീസിൽ തിരികെ പ്രവേശിച്ച് പെൻഷൻ ആനുകൂല്യങ്ങൾക്ക് അവകാശവാദമുന്നയിക്കുകയും ചെയ്തുവരുന്നുണ്ട്.

3. സർക്കാർ ഈ വിഷയം സഗൗരവം പരിശോധിച്ചു. അച്ചടക്കനടപടികൾക്കു വിധേയമായി പിരിച്ചുവിടപ്പെട്ടുകയോ, സർവീസിൽ നിന്നും നീക്കം ചെയ്യപ്പെട്ടുകയോ സസ്പെൻഡ് ചെയ്യപ്പെട്ടുകയോ സസ്പെൻഷൻനടപടികൾക്ക് പരിഗണിക്കപ്പെട്ടുകയോ ചെയ്യുന്നവരൊഴികെയുള്ള ഏതൊരു ഉദ്യോഗസ്ഥനും അനധികൃതാവധിയിലിരിക്കെ തിരികെ സർവീസിൽ പ്രവേശിക്കാൻ അനുമതി തേടുന്ന പക്ഷം പുനഃപ്രവേശം അനുവദിക്കേണ്ടതാണ് എന്ന് മാനുവൽ ഫോർ ഡിസിപ്ലിനറി പ്രൊസീഡിംഗ്സിലെ ഖണ്ഡിക 53 (6) നിഷ്കർഷിക്കുന്നു.

4. എന്നാൽ, 15-ഓ അതിലധികമോ ദിവസം തുടർച്ചയായി അനധികൃതമായി സർവീസിൽ നിന്നും വിട്ടുനിൽക്കുന്നവർക്കെതിരെ അച്ചടക്കനടപടികൾ സ്വീകരിക്കേണ്ടതാണെന്ന് കേരള സർവീസ് റൂൾസ് വ്യവസ്ഥ ചെയ്യുന്നു. അനധികൃത ഹാജരില്ലായ്മയിലുള്ള ജീവനക്കാർക്കെതിരെ ചട്ടപ്രകാരം അച്ചടക്ക നടപടികൾ സ്വീകരിച്ച സമയബന്ധിതമായി ജീവനക്കാരെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുൾപ്പെടെയുള്ള നടപടികൾ കെ.എസ്.ആർ. ഭാഗം ഒന്ന്, ചട്ടം 24, കെ. എസ്. ആർ ഭാഗം I അനുബന്ധം XII-A ചട്ടം 9, കെ.എസ്. ആർ ഭാഗം I അനുബന്ധം XII C യിലെ ചട്ടം 10 എന്നിവയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അനധികൃതഹാജരില്ലായ്മയിൽ ഏർപ്പെട്ട ഉദ്യോഗസ്ഥൻ പ്രൊബേഷണർ ആണെങ്കിൽ 1958ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസ് ചട്ടങ്ങളിലെ ഭാഗം 2 ചട്ടം 19 (2) വ്യവസ്ഥപ്പെട്ടുത്തും പ്രകാരം പ്രൊബേഷൻ അവസാനിപ്പിച്ച പിരിച്ചു വിടാവുന്നതാണ്.

5. കെ.എസ്. ആർ ഭാഗം 1 ചട്ടം 24 പ്രകാരം 5 വർഷത്തിലധികം തുടർച്ചയായി സർവ്വീസിൽ നിന്നും വിട്ടു നിൽക്കുന്ന ജീവനക്കാരനെ 1960ലെ കേരള സിവിൽ സർവ്വീസ് (തരംതിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിൽ നിഷ്കർഷിച്ചിരിക്കുന്ന വ്യവസ്ഥകൾ പാലിച്ചുകൊണ്ട് സർവ്വീസിൽ നിന്നും പിരിച്ചുവിടാവുന്നതാണെന്ന് വ്യക്തമാക്കിയിരിക്കുന്നു. അതുപോലെ, കെ.എസ്.ആർ ഭാഗം 1 അനുബന്ധം 12എ ചട്ടം 9 പ്രകാരവും, കെ.എസ്.ആർ ഭാഗം 1 അനുബന്ധം 12സി ചട്ടം 10 പ്രകാരവും, അവധി അനുവദിക്കപ്പെട്ടുന്നതിന് മുൻപ സർവ്വീസിൽ നിന്നും വിട്ടുനിൽക്കുന്ന ജീവനക്കാർക്കെതിരായി 1960ലെ കേരള സിവിൽ സർവ്വീസ് (തരംതിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരമുള്ള അച്ചടക്കനടപടികൾ ആരംഭിക്കാവുന്നതും അവരുടെ സേവനം അവസാനിപ്പിക്കാവുന്നതുമാണെന്ന് വ്യക്തമാക്കിയിരിക്കുന്നു .

6. എന്നാൽ, കേരള സർവീസ് റൂൾസിലെ മേൽവ്യവസ്ഥകൾ പ്രകാരം സ്വീകരിച്ചു വരുന്ന അച്ചടക്കനടപടികൾ അന്തിമഘട്ടത്തിലെത്തി നിൽക്കെ മാനുവൽ ഫോർ ഡിസിപ്ളിനറി പ്രൊസീഡിംഗ്സിലെ ഖണ്ഡിക 53(6)ലെ വ്യവസ്ഥ ഉദ്ധരിച്ച് സർവീസിൽ പുനഃപ്രവേശം നേടുന്ന ഉദ്യോഗസ്ഥൻ അതുവരെ ടിയാനെ പിരിച്ചുവിടുന്നതിനു സ്വീകരിച്ചു വന്നിരുന്ന അച്ചടക്കനടപടികളെ ഫലത്തിൽ നിർവീര്യമാക്കുകയും അനന്തരം വീണ്ടും അനധികൃതാവധിയിൽ പ്രവേശിക്കുകയും ചെയ്യുന്ന സംഭവങ്ങളും ശ്രദ്ധയിൽ പെട്ടിരിക്കുന്നു.

7. പ്രകൃതിദുരന്ത ദുരിതാശ്വാസ പ്രവർത്തനങ്ങൾ, പകർച്ചവ്യാധി നിയന്ത്രണം എന്നീ മേഖലകളിൽ കൂടുതൽ മികവുറ്റ ആരോഗ്യ സേവന ദൗത്യങ്ങൾ നിർവ്വഹിക്കുന്നതിന് ആരോഗ്യ കുടുംബക്ഷേമവകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ നിയമിതരായ ഉദ്യോഗസ്ഥരുടെ ലഭ്യത

പരമപ്രധാനമാണ്. ആരോഗ്യവകുപ്പിലെ പലവിഭാഗം ഉദ്യോഗസ്ഥരെയും, പൊതുജനതാൽപര്യം മുൻനിർത്തി, ദുർലഭവിഭാഗത്തിൽ പെടുത്തി അവരുടെ അവധിവ്യവസ്ഥകളിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

8. മേൽസാഹചര്യത്തിൽ, ആരോഗ്യവകുപ്പിൽ നിയമിതരായ ഉദ്യോഗസ്ഥരുടെ അനധികൃതാവധി സംബന്ധിച്ചും സർവീസ് പുനഃപ്രവേശം സംബന്ധിച്ചും താഴെ പറയുന്ന മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. അച്ചടക്കനടപടികൾക്കു വിധേയമായി പിരിച്ചുവിടപ്പെടുകയോ, സർവീസിൽ നിന്നും നീക്കം ചെയ്യപ്പെടുകയോ സസ്പെൻഡ് ചെയ്യപ്പെടുകയോ സസ്പെൻഷൻനടപടികൾക്ക് പരിഗണിക്കപ്പെടുകയോ ചെയ്യുന്നവരൊഴികെയുള്ള ഏതൊരു ഉദ്യോഗസ്ഥനും അനധികൃതാവധിയിലിരിക്കെ തിരികെ സർവീസിൽ പ്രവേശിക്കാൻ അനുമതി തേടുന്ന പക്ഷം പുനഃപ്രവേശം അനുവദിക്കേണ്ടതാണ് എന്ന മാനുവൽ ഫോർ ഡിസിപ്ലിനറി പ്രൊസീഡിംഗ്സിലെ ഖണ്ഡിക 53 (6) ലെ വ്യവസ്ഥ ആരോഗ്യകുടുംബക്ഷേമ വകുപ്പിലെ ജീവനക്കാർക്ക് ബാധകമായിരിക്കുന്നതല്ല.

2. അനധികൃതമായി ഹാജരാകാത്ത ജീവനക്കാർക്കെതിരെ കേരള സർവീസ് ചട്ടങ്ങളിലെയും 1960-ലെ കേരള സിവിൽ സർവീസ് (തരംതിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരം കർശനമായ അച്ചടക്കനടപടികൾ സ്വീകരിക്കുന്നതും സർവ്വീസിൽ നിന്നും പിരിച്ചുവിടുകയോ നീക്കം ചെയ്യുകയോ അടക്കമുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.

3. പുനഃപ്രവേശം തേടുന്ന ഉദ്യോഗസ്ഥർ അനുബന്ധമായി ചേർത്തിരിക്കുന്ന കരട് ഉടമ്പടിവ്യവസ്ഥകൾ പ്രകാരമുള്ള സത്യവാങ്മൂലം 2 0 0 രൂപ വിലയുള്ള മുദ്രപത്രത്തിൽ ആരോഗ്യവകുപ്പ് ഡയറക്ടർ സമക്ഷം സമർപ്പിക്കുകയും ആയത് പരിശോധിച്ച് വ്യക്തമായ അഭിപ്രായം സഹിതം ആരോഗ്യവകുപ്പ് ഡയറക്ടർ സർക്കാരിലേക്ക് ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

4. അത്തരം അപേക്ഷകളിന്മേൽ ഓരോ അപേക്ഷകന്റെയും പരിഗണനാർഹത വിശദമായി പരിശോധിച്ച് സർക്കാർ തലത്തിൽ തീരുമാനമെടുക്കുന്നതാണ്. പുനഃപ്രവേശം അനുവദിക്കുന്ന പക്ഷം ആയത് അച്ചടക്ക നടപടികളുടെ തീർപ്പിന് വിധേയമായിരിക്കുന്നതാണ്.

5. പുനഃപ്രവേശം നേടുന്ന ഉദ്യോഗസ്ഥന്റെ മേൽ പ്രകാരമുള്ള ബാദ്ധ്യതാവിവരം ടിയാന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്. ഗസറ്റഡ് വിഭാഗത്തിൽ പെട്ട ജീവനക്കാരന്റെ മേൽവിധമുള്ള ബാദ്ധ്യതാ വിവരം വകുപ്പുതലവൻ അക്കൗണ്ടന്റ് ജനറലിനെ അറിയിക്കേണ്ടതാണ്.

6. ഇത്തരത്തിൽ ബോണ്ടുകൾ സമർപ്പിക്കുന്ന ഉദ്യോഗസ്ഥരുടെ ബാദ്ധ്യതാവിവരം രേഖപ്പെടുത്തുന്ന ബാദ്ധ്യതാ രജിസ്റ്റർ ആരോഗ്യ വകുപ്പ് ഡയറക്ടർ സൂക്ഷിക്കേണ്ടതും എല്ലാ വർഷവും ജനുവരി 31 നു മുൻപായി സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

7. നിലവിൽ അനധികൃതാവധിയിലുള്ളവരോ അനധികൃതാവധി റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുള്ളവരോ ആയതിന് അച്ചടക്കനടപടികൾ നേരിടുന്നവരോ അച്ചടക്കനടപടികൾക്ക് പരിഗണനയിലുള്ളവരോ ആയ എല്ലാ വിഭാഗം ഉദ്യോഗസ്ഥർക്കും, കൂടാതെ, ഇനിമുതൽ അനധികൃതമായി സർവീസിൽ നിന്നും വിട്ടു നിൽക്കുന്ന എല്ലാവിഭാഗം ഉദ്യോഗസ്ഥർക്കും, അവർ പുനഃപ്രവേശനത്തിന് അപേക്ഷ സമർപ്പിച്ചിട്ടുള്ള പക്ഷം / സമർപ്പിക്കുന്ന പക്ഷം ഈ ഉത്തരവിലെ വ്യവസ്ഥകൾക്കു വിധേയമായി മാത്രമെ പുനഃപ്രവേശം അനുവദിക്കുകയുള്ളൂ.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K NANDA KUMAR
അഡിഷണൽ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും

അക്കൗണ്ടന്റ് ജനറൽ (എ&ഇ /ഓഡിറ്റ്) കേരള, തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിന്)

ധനകാര്യ/നിയമ/വിജിലൻസ് വകുപ്പ്

സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SREEKALA R
Date: 2020.09.16 13:37:12 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു.ആരോഗ്യ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിയ്ക്ക്

ആരോഗ്യ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്

ആരോഗ്യ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി/അണ്ടർ സെക്രട്ടറിയ്ക്ക്

ആരോഗ്യ കുടുംബക്ഷേമ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും

അനുബന്ധം

(vide G. O (P) No. 55/2020/H&FWD dated 16.09.2020)

This Indemnity Bond is executed on this ..................day of .. .... /20.. by (1)Sri./Smt./Dr ...................................., son/ daughter/ wife of ............................., residing at .............................. . ......... (hereinafter called the 'bounden) and (2) Sri./Smt./Dr. .................................., son/daughter/wife of Sri................................., residing at ........................ (hereinafter called the Surety), in favour of the Governor of Kerala (hereinafter referred to as the "Government");

WHEREAS, the Bounden while working as .........................(designation)/ ...................... (office)/.............................(place of office) went on unauthorized absence with effect from .................which warrants disciplinary action against him/her.

WHEREAS, the Government have as per G.O (Rt) No.........................dated............directed to allow/permitted the incumbent who is on unauthorized absence, to rejoin service on certain conditions;

WHEREAS, one of the conditions is that the Bounden shall serve the Government after rejoining duty for a minimum period of 10 years or until superannuation whichever is earlier and has to furnish an Indemnity Bond of Rs. 10 lakh for Class IV officers /Rs. 15 lakh for Class III officers / Rs. 20 lakh for all Gazetted officers except Medical Officers/ Rs.25 lakh for Medical Officers; with one solvent surety;

NOW THIS INDENTURE WITNESSED AS UNDER:

In compliance with the aforesaid terms and conditions imposed by the Government subject to which the Government have agreed to allow the Bounden to rejoin service, the Bounden hereby undertakes to serve the Government wherever he/she is posted, for a minimum period of 10 years or until superannuation whichever is earlier; Sri./Smt./Dr......................................... agrees to stand as surety for the performance of obligation of the Bounden under this Bond/Agreement. In case of breach of the terms of this indemnity by the Bounden and failure to indemnify the Government, the surety shall jointly and severally be liable to pay the aforesaid amount of Rs.10/15/20/25 lakhs, as the case may be, to the Government immediately;

The Bounden further agrees and undertakes that in case he/she commits breach of the above condition and abandon service and /or neglects in performance of the duties assigned to him/her leading to removal/dismissal/termination from/of his/her service as per rules/regulations shall pay Rs.10/15/20/25 lakhs (ten/fifteen/ twenty/twenty five lakhs only), as the case may be, with interest thereon @ 18% per annum from the date of breach of the above till the date of payment is made as liquidated damages, the bounden and surety agree that assessment of liquidated damages as assessed at Rs.10/15/20/25lakhs (Ten/ Fifteen/ Twenty/Twenty five lakhs only), as the case may be, is just and reasonable which they both agree to pay jointly and severally to the Government;

The Bounden further agrees that in case of failure from the part of the Bounden & Surety to pay the above said amount, the Government may recover the amount through revenue recovery proceedings /Civil judicial proceedings against the Bounden and the Surety.

In witness whereof, the Bounden and the Surety have put their signature in the presence of the witnesses on this day of ...... 20.... at ..........................

Signature of Bounden;

Signature of Surety;

Witness:-

1.Signature
Name & Address

2.Signature
Name & Address

Counter signed (by HOD) with place and date:

**Endt No. EC8-17446/2019/DHS, Dated: 17/09/2020**

Copy of the G.O. with specimen bond is forwarded to all District Medical Officers (Health), all establishment sections of the Directorate of Health Services, Programme Officers of Directorate of Health Services, Superintendent, O&M section, PA to Director of Health Services, Senior Administrative Officer, Senior Administrative Assistant for information and necessary action.

**For Director of Health Services**

To

1. All District Medical Officers (Health)
2. All Addl. Directors of Health Services/Programme Officers.
3. All Establishment Section Superintendents of Directorate of Health Services.
4. CA to Senior Administrative Officer/Senior Administrative Assistant

Copy to:-

1. CA/PA to Director of Health Services.
2. Official Web site of DHS
3. The Superintendent, O&M Section.
4. File/Stock File.